(ബി) ഈ വിഭാഗങ്ങളുടെ നിലവിലുള്ള കൂലിയും പുതുക്കി നിശ്ചയിച്ച കൂലിയും എത്ര വീതമാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ മേഖലയിൽ ഇനി ഏതെല്ലാം വിഭാഗങ്ങളുടെ കുറഞ്ഞ കൂലി പുതുക്കി നിശ്ചയിക്കുവാനുണ്ടെന്നും, അവ എപ്പോൾ പുതുക്കി നിശ്ചയിക്കുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കാർഷിക പ്രവർത്തന മേഖലയിലേയും, അതിനോടനുബന്ധിച്ചുള്ള തെങ്ങുകയറ്റം, കമുക് കയറ്റം, ഡെയറി ഫാമുകൾ, നഴ്സറികൾ, കശുമാവ് തോട്ടങ്ങൾ തുടങ്ങിയ മേഖലകളിലേയും തൊഴിലാളികളുടെ മിനിമം വേതനം 26-5-2003-ലെ 1335/03/തൊഴിൽ. നമ്പർ വിജ്ഞാപനപ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) കാർഷിക പ്രവർത്തന മേഖലയിലേയും അനുബന്ധ മേഖലകളിലേയും നിലവിലുള്ള എല്ലാ വിഭാഗങ്ങളുടേയും മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

ഷോപ്പുകളിലും മറ്റും ജോലിചെയ്യുന്നവരുടെ മിനിമംകൂലി

13 [2663] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഷോപ്പുകളിലും മറ്റും ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണമെത്രയാണ്;

(ബി) ഈ തൊഴിലാളികളുടെ മിനിമംകൂലി എത്രയാണ്;

(സി) ഈ തൊഴിലാളികളുടെ മിനിമംകൂലി പുതുക്കി നിശ്ചയിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഈ തൊഴിലാളികൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് ഇപ്പോൾ നിലവിലുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കടകളിലും വ്യാപാര സ്ഥാപനങ്ങളിലും മറ്റും ജോലി ചെയ്യുന്ന മൂന്നര ലക്ഷത്തോളം തൊഴിലാളികളുണ്ടെന്ന് കണക്കാക്കപ്പെടുന്നു.

(ബി) 4-8-1997-ലെ സർക്കാർ ഉത്തരവ് നമ്പർ 2267/97/തൊഴിൽ പ്രകാരം കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന തൊഴിലാളികളുടെ മിനിമംകൂലി നിശ്ചയിച്ചിട്ടുണ്ട്. ആയതിൻപ്രകാരം ഓരോ വിഭാഗം തൊഴിലാളികൾക്കും അവർക്ക് നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന ശമ്പളത്തിന് പുറമെ ഉപഭോക്തൃ വില സൂചികയുടെ 400 പോയിന്റിനുമേൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും ദിവസ ശമ്പളക്കാർക്ക് ആറര പൈസയും മാസശമ്പളക്കാർക്ക്

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പ്രതിമാസം ഒരു രൂപ 95 പൈസയും എന്ന തോതിൽ ക്ഷാമബത്തയും ലഭിക്കുന്നതാണ്. ഇതുപ്രകാരം മാസശമ്പളക്കാരിൽ ഏറ്റവും താഴ്ന്ന വിഭാഗത്തിന് ക്ഷാമബത്ത ഉൾപ്പെടെയുള്ള കുറഞ്ഞ കൂലി 2326 രൂപയും ഉയർന്ന വിഭാഗത്തിന് 2431 രൂപയും ആണ്. ദിവസ ശമ്പളക്കാരിൽ ഉയർന്ന വിഭാഗത്തിന് 82 രൂപ 15 പൈസയും താഴ്ന്ന വിഭാഗത്തിന് 78 രൂപ 95 പൈസയുമാണ്.

(സി) 4-9-1997-ലെ സർക്കാർ ഉത്തരവ് പ്രകാരം മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. അഞ്ചുവർഷക്കാലാവധി കഴിഞ്ഞാൽ വീണ്ടും പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ഡി) ഈ തൊഴിലാളികൾക്ക് മിനിമം വേതനത്തിനു പുറമെ പ്രധാനമായും താഴെ പറയുന്ന ആനുകൂല്യങ്ങൾ ലഭിക്കാനർഹതയുണ്ട്.

1960-ലെ കടകളും വാണിജ്യ സ്ഥാപനങ്ങളും നിയമപ്രകാരം ശമ്പളത്തോടുകൂടി അവധി ആനുകൂല്യങ്ങൾ ഓവർടൈം വേജസ് എന്നിവ ലഭിക്കുന്നതാണ്. കൂടാതെ തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് നിയമപ്രകാരമുള്ള ബോണസ്സിനും, കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ് (നാഷണൽ ആന്റ് ഫെസ്റ്റിവെൽ ഹോളിഡേയ്സ്) ആക്ട് പ്രകാരമുള്ള 13 ദേശീയ ഉത്സവ അവധി ദിവസങ്ങൾക്കും അർഹതയുണ്ട്. ഇതിനു പുറമെ സ്ത്രീ തൊഴിലാളികൾക്ക് മെറ്റേർണിറ്റി ബെനിഫിറ്റ് നിയമപ്രകാരം ശമ്പളത്തോടുകൂടിയ പ്രസവാവധി ലഭിക്കുന്നതിനും അർഹതയുണ്ട്. 1972-ൽ പേമെന്റ് ഓഫ് ഗ്രാറ്റുവിറ്റി ആക്ട് പ്രകാരം ജോലി അവസാനിക്കുമ്പോൾ ഗ്രാറ്റുവിറ്റിയും ലഭിക്കുന്നുണ്ട്. കൂടാതെ ഈ വിഭാഗം തൊഴിലാളികളിൽ ഭൂരിപക്ഷഭാഗവും കേരള ലേബർ വെൽഫെയർ ഫണ്ടിൽ അംഗങ്ങളായി ചേർന്നിട്ടുള്ളവരും അവിടെ നിന്ന് വിവിധ ക്ഷേമാനുകൂല്യങ്ങൾ ലഭിക്കാൻ അർഹതയുള്ളവരുമാണ്.

തോട്ടം തൊഴിലാളികളുടെ ശമ്പളപരിഷ്കരണം

14 [2664] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ തോട്ടം തൊഴിലാളികളുടെ അടുത്ത ശമ്പളപരിഷ്ക്കരണം നടത്തേണ്ടതെന്നാണെന്ന് വ്യക്തമാക്കാമോ;

(ബി) ശമ്പള പരിഷ്ക്കരണം സംബന്ധിച്ച് സർക്കാർ നൽകിയ ഉറപ്പ് പാലിച്ചിട്ടുണ്ടോ;

(സി) ഗവൺമെന്റ് ഉടമയിലുള്ള പ്ലാന്റേഷൻ കോർപ്പറേഷന്റെ തൊഴിലാളികളുടെ പ്രോവിഡന്റ് ഫണ്ട് നിഷേധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പുതിയ തൊഴിലാളികളെ റിക്രൂട്ട് ചെയ്യുന്നതിനും അടച്ചിട്ട തോട്ടങ്ങൾ തുറക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly